**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6800** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റം നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ സർക്കാർ ലെ ഔട്ട് അംഗീകരിച്ച് വിശാല കൊച്ചി വികസന അതോറിറ്റി, ഹൗസിങ് ബോർഡ്, ഗിരിനഗർ ഹൗസിങ് സൊസൈറ്റി തുടങ്ങിയവർ വിൽപ്പന നടത്തിയ പ്ലോട്ടുകൾക്ക് കരം ഒടുക്കുമ്പോൾ വെറ്റ് ലാന്റ് എന്ന് കാണിക്കുന്നതിനാൽ ഭൂമി തരം മാറ്റാതെ ഇവ വിൽപ്പന നടത്തുന്നതിനോ പുതുക്കി പണിയുന്നതിനോ സാധിക്കുന്നില്ല എന്ന കാര്യം ഗൗരവമായി കാണുമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ) | 2008 - ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ടി നിയമത്തിലെ വെറ്റ്ലാൻഡ് / തണ്ണീർത്തടം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നവയ്ക്ക് യാതൊരു രീതിയിലും പരിവർത്തനാനുമതി നൽകാവുന്നതല്ല. നിലം തരമായ വസ്തുക്കളുടെ കാര്യത്തിൽ ടി നിയമത്തിലെ ചട്ടങ്ങളിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമാണ് തരം മാറ്റം അനുമതി നൽകുന്നത് .<br><br>GCDA, ഹൗസിങ് ബോർഡ്, ഗിരിനഗർ ഹൗസിങ് സൊസൈറ്റി തുടങ്ങിയവ കൈമാറിയ ഭൂമികളെ ടി നിയമത്തിലെ വ്യസ്ഥകളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച പ്രത്യേക വ്യവസ്ഥ യാതൊന്നും തന്നെ നിയമത്തിലില്ലാത്തതാണ്. നിയമ പ്രകാരം, ഒരു പ്രത്യേക പ്രദേശത്തിന് മാത്രമായി, പ്രത്യേക ഭൂമി തരം തിരിവ് നിലവിലില്ലാത്തതുമാണ്. ആയതിനാൽ, GCDA പോലുള്ളവ ഏറ്റെടുത്ത് വികസിപ്പിച്ച് വിൽപ്പന നടത്തിയ ഭൂമികളാണെങ്കിലും ടി നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു മാത്രമേ തരം മാറ്റം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം, 2008 - ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, പൊതുവായും എല്ലാ ഭൂവുടമസ്ഥർക്കും ഒരുപോലെയുമാണ് ഇക്കാര്യത്തിൽ ജില്ലയിൽ നടപടി സ്വീകരിച്ചു വരുന്നത്. ഈ ഭൂമി വിൽപ്പന നടത്തുന്നതിന് യാതൊരു വിധ തടസ്സവും നിലനിൽക്കുന്നില്ല. |
| (ബി) | പൊതുവായ ഒരു ഉത്തരവിലൂടെ പ്രസ്തുത ഭൂമി തരംമാറ്റം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ലഭിച്ച പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റം സംബന്ധിച്ച്, ടി നിയമത്തിലെയും ചട്ടങ്ങളിലെയും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാത്രമേ, നടപടി സ്വീകരിക്കുവാൻ/ഉത്തരവ് പുറപ്പെടുവിക്കാൻ സാധ്യമാവുകയുള്ളൂ. ആയതിനാൽ, ഇത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചുള്ള നിവേദനത്തിന്മേൽ വിശദമായ അന്വേഷണം നടത്തിയുള്ള റിപ്പോർട്ട് സർക്കാരിലേയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് , ടി വിഷയത്തിൻമേൽ നിയമം/ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇതിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും ഇടത്തരം വരുമാനക്കാരും ഉൾപ്പെട്ടിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ